അഫ്ഗാനിസ്ഥാനിലെ യു.എസ്.സേനാബലം ഒരു ലക്ഷത്തിലേക്ക്

വാഷിങ്ടൺ: അഫ്ഗാൻ ജനതയുടെ സുരക്ഷാ ചുമതല കൂടി ഏറ്റെടുക്കാനും പുതുതായി 30,000 സൈനികരെക്കൂടി അഫ്ഗാനിസ്ഥാനിലേക്ക് അയയ്ക്കാനും അമേരിക്ക ഒരുങ്ങുന്നു. ബുധനാഴ്ച രാവിലെ പ്രസിഡൻറ് ബരാക് ഒബാമ പ്രഖ്യാപിക്കുന്ന പാക്-അഫ്ഗാൻ നയത്തിൽ ഇത് സംബന്ധിച്ച വിശദാംശങ്ങളുണ്ടാകുമെന്നാണ് അറിയുന്നത്. കൂടുതൽ സൈനികരെ അയയ്ക്കുന്നതോടെ അഫ്ഗാനിസ്ഥാനിലെ യു.എസ്. സൈനികരുടെ എണ്ണം ഒരു ലക്ഷത്തിലെത്തും.

ന്യൂയോർക്കിൽ വെസ്റ്റ്പോയൻറിലെ മിലിറ്ററി അക്കാദമിയിൽ അമേരിക്കൻ സമയം ചൊവ്വാഴ്ച രാത്രി എട്ടിന് (ഇന്ത്യൻ സമയം ബുധനാഴ്ച രാവിലെ 6.30) നടത്തുന്ന പ്രസംഗത്തിലാണ് ഒബാമ പാക്-അഫ്ഗാൻ നയം പ്രഖ്യാപിക്കുക. നയപ്രഖ്യാപനത്തിനു മുന്നോടിയായി ഒബാമ, ഇന്ത്യൻ പ്രധാനമന്ത്രി ഡോ.മൻമോഹൻസിങ് അടക്കമുള്ള ലോകനേതാക്കളുമായി ഫോണിൽ ചർച്ച നടത്തി. അഫ്ഗാൻ പ്രസിഡൻറ് ഹമീദ് കർസായിയുമായും വീഡിയോ കോൺഫറൻസ് വഴിയാണ് ചർച്ച നടത്തിയത്. പാകിസ്താൻ പ്രസിഡൻറ് ആസിഫലി സർദാരിയുമായും അദ്ദേഹം സംസാരിച്ചു.

സുരക്ഷ-സായുധസേനാ മേധാവികളുമായി മൂന്നുമാസം നീണ്ട ചർച്ചയ്ക്കൊടുവിലാണ് ഒബാമ അഫ്ഗാൻ നയത്തിന് രൂപം നൽകിയത്. അഫ്ഗാൻ യുദ്ധത്തോട് ഭൂരിപക്ഷം അമേരിക്കക്കാർക്കും താത്പര്യമില്ലെന്നതുകൊണ്ട് പ്രസിഡൻറ് എന്ന നിലയിൽ ഒബാമയ്ക്ക് നിർണായകമാകും നയപ്രഖ്യാപനം.

സമാധാന നൊബേൽ സ്വീകരിക്കാൻ പോവുന്നിനുമുമ്പാണ് ഒബാമ അഫ്ഗാൻ യുദ്ധത്തിൽ നയം പ്രഖ്യാപിക്കുന്നത് എന്ന സവിശേഷതയുമുണ്ട്. നേരത്തെ പുറത്തുവന്ന വിവരങ്ങളനുസരിച്ച് 30,000 മുതൽ 34,000 വരെ സൈനികരെക്കൂടി അമേരിക്ക അഫ്ഗാനിസ്ഥാനിലേക്ക് അയയ്ക്കുമെന്ന് കരുതുന്നു. ന്യൂയോർക്ക് ടൈംസും വിഖ്യാതമായ ഫോറിൻ പോളിസി മാസികയും 30,000 സൈനികരെ അധികമായി അയയ്ക്കുമെന്ന് പറയുമ്പോൾ 34,000 പേരെ അയയ്ക്കുമെന്നാണ് ദ വാഷിങ്ടൺ പോസ്റ്റിൻെറ കണക്ക്. പുതിയ സൈനികർ ക്രിസ്മസോടുകൂടി അഫ്ഗാനിസ്ഥാനിലെത്തും. ഘട്ടം ഘട്ടമായായിരിക്കും സൈനികരുടെ വിന്യാസം. എന്നാൽ അഫ്ഗാനിസ്ഥാനിലെ സേനാ പിൻമാറ്റത്തിനുള്ള അന്തിമ സമയപരിധി ഒബാമ ഇപ്പോഴും പ്രഖ്യാപിക്കാനിടയില്ല. താലിബാനും അൽഖ്വെയ്ദയ്ക്കുമെതിരായ യുദ്ധത്തിനു പുറമെ പ്രമുഖ അഫ്ഗാൻ നഗരങ്ങൾക്കും പാതകൾക്കും സ്ഥാപനങ്ങൾക്കും സംരക്ഷണവും പുതിയ സൈനികരുടെ ചുമതലയായിരിക്കും. സാധാരണക്കാർക്ക് വൻതോതിൽ സഹായമെത്തിക്കുന്നതും സൈനികരുടെ ചുമതലയിലാകും. യു.എസ്. ആക്രമണത്തിൽ അടിക്കടി സാധാരണക്കാർ കൊല്ലപ്പെടുന്നതും വിലക്കയറ്റവും തൊഴിലില്ലായ്മയും അഫ്ഗാൻ ജനതയ്ക്കിടയിൽ അപ്രീതി വർധിപ്പിക്കുമ്പോഴാണ് ഒബാമ സൈനികബലം വീണ്ടും ഉയർത്തുന്നത്.

അഫ്ഗാൻ മണ്ണിൽ കൊല്ലപ്പെടുന്ന അമേരിക്കൻ സൈനികരുടെ എണ്ണം ഉയരുന്നത് അമേരിക്കയിലും ജനരോഷമുയർത്തുന്നുണ്ട്. വിയറ്റ്നാംപോലെ ഒരു പേടിസ്വപ്നമാവുമോ അഫ്ഗാനിസ്ഥാനെന്ന് അമേരിക്കൻ ജനത ആശങ്കപ്പെടുന്നുണ്ട്. 2009ൽ മാത്രം 900 അമേരിക്കൻ സൈനികരാണ് അഫ്ഗാനിസ്ഥാനിൽ മരിച്ചത്. അതുകൊണ്ടുതന്നെ അഫ്ഗാനിസ്ഥാനിലെ വിജയതന്ത്രം നാട്ടുകാരെ ബോധ്യപ്പെടുത്താൻ ഒബാമ പാടുപെടേണ്ടിവരും.

കോടതി വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകുന്നതിൽ സർക്കാർ അഭിഭാഷകർക്ക് വിലക്ക്

തിരുവനന്തപുരം: ജില്ലയിലെ മജിസ്ട്രേട്ട് കോടതികളിൽ പ്രതികളെ ശിക്ഷിക്കുന്നതുംപ്പെടെയുള്ള വിവരങ്ങൾ മാധ്യമങ്ങൾക്ക് നൽകരുതെന്ന് സർക്കാർ കർശന നിർദ്ദേശം കൊടുത്തു. മജിസ്ട്രേട്ട് കോടതികളിലെ സർക്കാർ അഭിഭാഷകർക്ക് ഇത് സംബന്ധിച്ച് കർശനമായ നിർദ്ദേശമാണ് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് നൽകിയിരിക്കുന്നത്. പൊതുഭരണവകുപ്പിൽ നിന്ന് ചീഫ് സെക്രട്ടറിയുടേതായി സപ്തംബറിൽ ഇറക്കിയ ഉത്തരവിൻെറ ചുവടുപിടിച്ചാണ് കോടതി വാർത്തകൾക്കും വിലക്കേർപ്പെടുത്തി ഡി.ഡി.പിയുടെ വാക്കാലുള്ള നിർദ്ദേശം ഉണ്ടായിരിക്കുന്നത്.

സുതാര്യമായ കോടതി നടപടികൾ, ജനങ്ങളിൽ നിന്ന് മറച്ചുവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് ആരോപണമുണ്ട്. കോടതിവിധികളും ശിക്ഷകളും ജനങ്ങൾ അറിയണമെന്ന സ്വാതന്ത്ര്യത്തിനു മേലാണ് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻസ് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ, സർക്കാരിൻെറ ഔദ്യോഗിക രഹസ്യങ്ങൾ മാത്രമാണ് മാധ്യമങ്ങൾക്ക് നൽകരുതെന്ന് പറഞ്ഞിട്ടുള്ളത്. കോടതികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ലെന്ന് ആഭ്യന്തരവകുപ്പ് അധികൃതർ അറിയിച്ചു.

കേരളത്തിൽ കണ്ടൽക്കാടുകൾ കുറഞ്ഞു

ന്യൂഡൽഹി: കേരളത്തിൽ കണ്ടൽക്കാടുകൾ കുറഞ്ഞതായി കേന്ദ്ര വനംവകുപ്പിൻെറ സർവേ റിപ്പോർട്ട്. 2003-ൽ എട്ട് ചതുരശ്ര കിലോമീറ്ററിലുണ്ടായിരുന്ന കണ്ടൽക്കാടുകൾ അഞ്ച് ചതുരശ്ര കിലോമീറ്ററിലേക്ക് ശോഷിച്ചു. അതേസമയം നിബിഡവനങ്ങൾ, ഇടത്തരം വനങ്ങൾ, തുറന്ന വനങ്ങൾ, മരങ്ങൾ എന്നിവ കൂടി.

ഇന്ത്യയിൽ ഒട്ടാകെ 4,581 ചതുരശ്ര കിലോമീറ്റർ കണ്ടൽക്കാടുകളാണുള്ളത്. 2,136 ചതുരശ്ര കിലോമീറ്റർ കാടുള്ള പശ്ചിമബംഗാളാണ് മുന്നിൽ. 1987 മുതലാണ് കണ്ടൽക്കാടുകളെ കുറിച്ച് വനം വകുപ്പ് സർവേ നടത്തുന്നത്.

കേരളത്തിൽ 2,801 ചതുരശ്ര കിലോമീറ്ററിൽ മരങ്ങളുണ്ടെന്ന് സർവെ ചൂണ്ടിക്കാട്ടുന്നു. മൊത്തം ഭൂവിസ്തൃതിയുടെ 7.21 ശതമാനം വരുമിത്. മരങ്ങൾ ഏറ്റവും കൂടുതലുള്ളത് മധ്യപ്രദേശിലാണ്. 6,871 ചതുരശ്ര കിലോമീറ്റർ. സാംപിൾ സർവേയുടെ അടിസ്ഥാനത്തിലാണ് മരങ്ങളുടെ കണക്കെടുത്തത്.

ശരണവഴിയിൽ അറിയാൻ

- പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കാൻ യാത്രയ്ക്കിടയിലെ ഷോപ്പിങ് ഒഴിവാക്കുക.
- ടെട്രാ പായ്ക്കിലുള്ള പാനീയങ്ങൾ വാങ്ങാതിരിക്കുക.
- ബിസ്കറ്റും മറ്റും വാങ്ങുന്നവർ പ്ലാസ്റ്റിക് പൊതി വഴിയിൽ കളയരുത്.
- ചന്ദനത്തിരിയുടെ പ്ലാസ്റ്റിക് കവർ ശബരിമലയിൽ ഉപേക്ഷിക്കരുത്.

കാലാവസ്ഥ

തിരുവനന്തപുരം: ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യത.

സ്ഥലം	കൂടിയ ചൂട്	കുറഞ്ഞ ചൂട്	പെയ്ത മഴ	ഒക്ടോ.1 മുതൽ പെയ്ത മഴ
	ഡിഗ്രി സെൽഷ്യസ്		മില്ലി മീറ്റർ	
ആലപ്പുഴ	34	23	0	511
കണ്ണൂർ	33	23	0	589
കോഴിക്കോട് വിമാനത്താവളം	32	24	0	462
കൊച്ചി വിമാനത്താവളം	32	23	0	288
കോട്ടയം	33	23	0	540
കോഴിക്കോട്	33	25	0	557
പുനലൂർ	33	23	0	601
തിരുവനന്തപുരം വിമാനത്താവളം	32	24	0	503
തിരുവനന്തപുരം സിറ്റി	33	24	0	479

മാധ്യമങ്ങൾ പ്രതിലോമവാർത്തകളിൽ മാത്രം ശ്രദ്ധ ഊന്നരുത് -രാഷ്ട്രപതി

സി.ജി. ചന്ദ്രമോഹൻ

ഹൈദരാബാദ്: പ്രതിലോമവാർത്തകളിൽ മാധ്യമങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനെ രാഷ്ട്രപതി പ്രതിഭാപാട്ടീൽ അപലപിച്ചു. 'തീർച്ചയായും പ്രതിലോമകാര്യങ്ങളിൽനിന്ന് പാഠങ്ങൾ പഠിക്കാനുണ്ട്. അതേസമയംതന്നെ ഗുണപരമായ സന്ദേശങ്ങൾ വായനക്കാർക്ക് പകർന്നുകൊടുക്കാനും മാധ്യമങ്ങളുടെ ഭാഗത്തുനിന്ന് തത്തുല്യമായ ശ്രമം ഉണ്ടാകണം. ദൗർഭാഗ്യവശാൽ പല മാധ്യമങ്ങളും കൂടുതൽ ശ്രദ്ധിക്കുന്നത് ഇക്കാര്യത്തിലല്ല' - രാഷ്ട്രപതി പറഞ്ഞു.

അറുപത്തിരണ്ടാമത് 'വേൾഡ് ന്യൂസ്പേപ്പർ കോൺഗ്രസ്സി'ൻെറയും പതിനാറാമത് 'വേൾഡ് എഡിറ്റേഴ്സ് ഫോറ'ത്തിൻെറയും സംയുക്തസമ്മേളനത്തെ ഹൈദരാബാദിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

''പത്രപ്രവർത്തകരുടെ ആദ്യപ്രതിബദ്ധത യാഥാർഥ്യത്തോടും ആദ്യവിധേയത്വം ജനങ്ങളോടുമാവണം. പത്രപ്രവർത്തകർ ആത്മാർഥത കാട്ടുകയും വാർത്തയുടെ സത്യാവസ്ഥയെക്കുറിച്ച് പരിശോധിക്കുകയും വേണം. ജനങ്ങളെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളും മാധ്യമങ്ങളിലൂടെ ചർച്ച ചെയ്യപ്പെടണം. മികച്ച ഭരണം ഉറപ്പുവരുത്താൻ മാധ്യമങ്ങൾക്ക് വലിയ ബാധ്യതയുണ്ട്. ഈ ബാധ്യത പക്ഷേ, അവർ നിറവേറ്റുന്നുണ്ടോ എന്ന് സ്വയം പരിശോധിക്കണം'- അവർ പറഞ്ഞു.



ഹൈദരാബാദിൽ നടക്കുന്ന വേൾഡ് ന്യൂസ്പേപ്പർ കോൺഗ്രസിൻെറയും വേൾഡ് എഡിറ്റേഴ്സ് ഫോറത്തിൻെറയും സംയുക്തസമ്മേളനത്തിൽ രാഷ്ട്രപതി പ്രതിഭാപാട്ടീൽ സംസാരിക്കുന്നു

പാകിസ്താനി പത്രപ്രവർത്തകനായ നജം സേഥിക്ക് സമ്മേളനത്തിൽ 'സ്വാതന്ത്ര്യത്തിനുള്ള സുവർണതൂലിക' അവാർഡ് സമ്മാനിച്ചു. മൂന്നുതവണ ജയിൽവാസമനുഭവിച്ച അദ്ദേഹം തൻെറ ജീവിതാനുഭവങ്ങൾ പങ്കുവെച്ചു. ഇന്ത്യ-പാക് പ്രശ്നപരിഹാരത്തിനും സൗഹൃദമുണ്ടാക്കാനും താൻ ലേഖനങ്ങളിലൂടെ ശ്രമിച്ചതിനാണ് സുൾഫിക്കർ അലി ഭൂട്ടോ, സിയാ ഉൾ ഹഖ്, നവാസ് ഷെരീഫ് എന്നിവർ തന്നെ ജയിലിലടച്ചതെന്ന് അദ്ദേഹം പറഞ്ഞു.

പത്രപ്രവർത്തകർക്കെതിരായ ആക്രമണങ്ങളെ ആന്ധ്രമുഖ്യമന്ത്രി കെ. റോസയ്യ അപലപിച്ചു.

ആന്ധ്രയിലെ ഇൻഫർമേഷൻ ടൂറിസം മന്ത്രി ഗീതാറെഡ്ഡി, വാൻ ഇഫ്റ പ്രസിഡൻറ് ഗാവിൻ ഒരേലി, കേന്ദ്ര ഇൻഫർമേഷൻ സഹമന്ത്രി മോഹൻ ജത്വ, ഐ.എൻ.എസ്. പ്രസിഡൻറ് ടി. വെങ്കിട്ടറാം റെഡ്ഡി, വൈസ് പ്രസിഡൻറ് പ്രതാപ് ജി.പവാർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് പത്രസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചലച്ചിത്രപ്രദർശനം, പത്രസ്വാതന്ത്ര്യം, മാധ്യമരംഗം നേരിടുന്ന വെല്ലുവിളികൾ എന്നിവയെക്കുറിച്ച് പ്രബന്ധാവതരണം എന്നിവയുണ്ടായി.

മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ, മാനേജിങ് എഡിറ്റർ പി.വി. ചന്ദ്രൻ, ഡയറക്ടർ പി.വി. ഗംഗാധരൻ, എഡിറ്റോറിയൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ പി.വി. നിധീഷ്, 'മലയാളമനോരമ'യിൽ നിന്ന് ജേക്കബ് മാത്യു, ജയൻ മാത്യു, ഒ. അബ്ദുറഹ്മാൻ (മാധ്യമം) എന്നിവരും സംബന്ധിച്ചു.

സമ്മേളനം മൂന്നിന് സമാപിക്കും.

അഭയ കേസ്: സി.ബി.ഐ. കോടതി വിചാരണ ചെയ്യും

കൊച്ചി: സിസ്റ്റർ അഭയ കൊലക്കേസിൽ തുടർന്നുള്ള നടപടികൾ സിബിഐ പ്രത്യേക കോടതിയിലായിരിക്കും നടക്കുക.

കേസ് സിബിഐ കോടതിയുടെ പരിഗണനയ്ക്ക് വിട്ടുകൊണ്ട് പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ഡി. പാപ്പച്ചൻ ചൊവ്വാഴ്ച ഉത്തരവിട്ടു. പ്രതികളായ ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പൂതൃക്കയിൽ, സിസ്റ്റർ സെഫി എന്നിവർ കോടതിയിൽ ഹാജരായിരുന്നു. അവർക്ക് കോടതി ജാമ്യം നൽകി.

മൂന്ന് പ്രതികളോടും ജനവരി 11ന് സിബിഐ കോടതിയിൽ ഹാജരാകാൻ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി നിർദ്ദേശിച്ചിട്ടുണ്ട്. ജനവരി 11ന് കുറ്റപത്രം സംബന്ധിച്ചുള്ള വാദം സിബിഐ കോടതിയിൽ നടന്നേക്കും.

കുറ്റപത്രം നേരത്തെ ഫയൽ ചെയ്തതാണെങ്കിലും കേസിൽ കൂടുതൽ അന്വേഷണത്തിന് തടസ്സമില്ലെന്ന് ചീഫ് ജുഡീഷ്യൻ മജിസ്ട്രേട്ട് കോടതി ഉത്തരവിട്ടിരുന്നു. അതനുസരിച്ച് കൂടുതൽ അന്വേഷണം പൂർത്തിയായിട്ടില്ല. മൂന്ന് സാക്ഷികളുടെ നാർക്കോ പരിശോധന സുപ്രീം കോടതി തടഞ്ഞിട്ടുണ്ട്. അത് പരിഗണിക്കുന്നത് നീണ്ടുപോയാൽ വിചാരണ നടപടികളും നീളും.

കടം വീട്ടാൻ ദുബായ് വേൾഡ് പുനസ്സംഘടന പ്രഖ്യാപിച്ചു

ദുബായ്: സാമ്പത്തികപ്രതിസന്ധിയിൽപ്പെട്ട 'ദുബായ് വേൾഡി'ൻെറ കടത്തിൽ പകുതി വീട്ടാൻ പുനസ്സംഘടനാനടപടികൾ പ്രഖ്യാപിച്ചു. വസ്തുവില്പനയുൾപ്പെടെയുള്ള നടപടികളിലൂടെ 2,600 കോടി ഡോളറിൻെറ കടമാണ് തിരിച്ചടയ്ക്കുക. ഈ പ്രഖ്യാപനം വന്നതോടെ ഏഷ്യയിലെയും യൂറോപ്പിലെയും ഓഹരി വിപണികൾ ഉണർന്നു. എന്നാൽ ദുബായ്, അബുദാബി ഓഹരിവിപണികളിൽ ഇടിവ് തുടരുകയാണ്.

ദുബായ് സർക്കാരിൻെറ ഉടമസ്ഥതയിലുള്ള 'ദുബായ് വേൾഡി'ന് 5,900 കോടി ഡോളറിൻെറ വായ്പ തിരിച്ചടയ്ക്കാൻ ഴിയാതെ വന്നതുമൂലമുണ്ടായ പ്രതിസന്ധി പരിഹരിക്കാനാണ് കമ്പനി ബദൽ നടപടികൾ പ്രഖ്യാപിച്ചത്. ദുബായ് വേൾഡിൻെറ കീഴിൽ നഷ്ടത്തിൽ തുടരുന്ന സ്ഥാപനങ്ങളാണ് പുനസ്സംഘടിപ്പിക്കുക. നിർമാണസംരംഭമായ 'നഖീൽ' വസ്തു ഇടപാടുസ്ഥാപനമായ 'ലിമിറ്റ്ലെസ് വേൾഡ്' എന്നിവയാണ് പ്രധാനമായും പുനസ്സംഘടിപ്പിക്കുക. സാമ്പത്തികമായി നല്ല നിലയിലുള്ള ഇൻഫിനിറ്റി വേൾഡ് ഹോൾഡിങ്, ഇസ്തിമാർ വേൾഡ് ആൻഡ് പോർട്ട്സ് തുടങ്ങിയവയ്ക്ക് പുനസ്സംഘടനാ നടപടികൾ ബാധകമാവില്ല. ഇസ്തിമാർ വേൾഡ് ആൻഡ് പോർട്ട്സിൻെറ ഭാഗമാണ് ഇന്ത്യയിലെ തുറമുഖ ടെർമിനലുകളിൽ പങ്കാളിത്തമുള്ള ദുബായ് പോർട്ട് വേൾഡ്.

വായ്പ പുനസ്സംഘടനയെപ്പറ്റി ബാങ്കുകളുമായി ചർച്ച പുരോഗമിക്കുകയാണെന്ന് കമ്പനി പത്രക്കുറിപ്പിൽ അറിയിച്ചു. ദുബായ് വേൾഡിൻെറ കടങ്ങൾ ഏല്ക്കാനാവില്ലെന്ന് ദുബായ് ഭരണകൂടം വ്യക്തമാക്കിയതിനുപിന്നാലെയാണ് കമ്പനി പുനസ്സംഘടനാനടപടികൾ പ്രഖ്യാപിച്ചത്. സാമ്പത്തികപ്രതിസന്ധിയെത്തുടർന്ന് ആശങ്ക നിലനില്ക്കുകയാണെങ്കിലും ദുബായിലെ വസ്തുവില ഇടിഞ്ഞത് പ്രവാസികൾക്ക് അനുഗ്രഹമായി. വീട്ടുവാടക കുതിച്ചുയർന്നതുകാരണം വലയുകയായിരുന്ന തൊഴിലാളികൾക്ക് ആശ്വാസം പകർന്നുകൊണ്ട് വാടക ഗണ്യമായി വെട്ടിക്കുറച്ചിരിക്കുകയാണിപ്പോൾ. മിക്കയിടത്തും വീട്ടുവാടക 40 ശതമാനം വരെ കുറഞ്ഞിട്ടുണ്ട്.

ശിക്ഷ നിർത്തിവെയ്ക്കാനുള്ള സന്തോഷ് മാധവൻെറ അപേക്ഷ തള്ളി

കൊച്ചി: പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസിൽ കീഴ്ക്കോടതി വിധിച്ച 16 വർഷം ശിക്ഷ നിർത്തിവെയ്ക്കണമെന്ന സന്തോഷ് മാധവൻെറ അപേക്ഷ ഹൈക്കോടതി തള്ളി.

പീഡനവും ശാരീരിക വേഴ്ചയും സി.ഡി. ഉൾപ്പെടെയുള്ള തെളിവുകളിൽ വ്യക്തമല്ലെന്ന ഹർജിക്കാരൻെറ വാദം ഈ ഘട്ടത്തിൽ പരിഗണിക്കാനാവില്ലെന്ന് ജസ്റ്റിസ് വി. രാംകുമാർ പറഞ്ഞു.

പതിനാലര വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ എട്ടുവർഷം തടവും 10,000 രൂപ പിഴയും പത്താം ക്ലാസ്സുകാരിയെ പീഡിപ്പിച്ച കേസിൽ എട്ടുവർഷം തടവും 2.1 ലക്ഷം രൂപ പിഴയുമാണ് അഡീഷണൽ സെഷൻസ് കോടതി വിധിച്ചിരുന്നത്. ഇത്തരം കേസുകളിൽ പീഡനത്തിനിരയായ പെൺകുട്ടിയുടെ മൊഴി മാത്രം മതി ശിക്ഷിക്കാൻ എന്ന് ഹൈക്കോടതി ഓർമിപ്പിച്ചു.

ലാപിയറിൻെറ പുസ്തകത്തിനും നിരോധനം

പ്രത്യേക പ്രതിനിധി

ഭോപ്പാൽ: ഭോപ്പാൽ ദുരന്തത്തിൻെറ 25-ാം വാർഷികവേളയിൽ മറ്റൊരു വാർത്തകൂടി വന്നിരിക്കുന്നു. പ്രശസ്ത എഴുത്തുകാരൻ ഡൊമിനിക് ലാപിയർ, ജാവിയർ ബാറോയോടൊപ്പം ചേർന്നെഴുതിയ 'ഫൈവ് പാസ്റ്റ് മിഡ്നൈറ്റ് ഇൻ ഭോപ്പാൽ' എന്ന പുസ്തകം നിരോധിച്ചു. ജബൽപുർ കോടതിയാണ് നിരോധനഉത്തരവ് പുറപ്പെടുവിച്ചത്.

പുസ്തകം 2001-ലാണ് പുറത്തിറങ്ങിയത്. ഇതിലെ ചില പരാമർശങ്ങൾ തനിക്ക് അപകീർത്തികരമാണെന്നാരോപിച്ച് ദുരന്തം നടന്ന കാലത്തെ ഭോപ്പാൽ സിറ്റി പോലീസ് കമ്മീഷണർ റിട്ട. ഡി.ജി.പി. സ്വരാജ്പുരി കോടതിയെ സമീപിച്ചിരുന്നു. ആ ഹർജിയിന്മേലാണ് വില്പന നിരോധിച്ചത്. 'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' (ലാറി കോളിൻസിനൊപ്പം), 'ഈസ് പാരീസ് ബേണിങ്', 'മൗണ്ട് ബാറ്റൺ ആൻഡ് ദ പാർട്ടീഷ്യൻ ഓഫ് ഇന്ത്യ' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ് ഫ്രഞ്ചുകാരനും പത്രപ്രവർത്തകനുമായ ലാപിയർ. പുസ്തകറോയൽറ്റി ബംഗാളിലെയും ഭോപ്പാലിലെയും ദുരിതബാധിതർക്കായി അദ്ദേഹം മാറ്റിവെച്ചിരിക്കുന്നു. 'ഭോപ്പാലിൽ അന്നു സംഭവിച്ചത്' എന്ന പേരിൽ ഇതിൻെറ മലയാളപരിഭാഷയും വന്നിട്ടുണ്ട്. ഐ.എ.എസ്.-ഐ.പി.എസ്. പോരിൻെറ ഫലമാണത്രെ ഈ കോടതിവിധിയിലെത്തിയ നടപടികൾ.

****

മൂന്ന് രാജ്യങ്ങളിലുള്ള പ്രശസ്തരായ മൂന്ന് ഫോട്ടോഗ്രാഫർമാർ. മൂന്നുപേരും ഇറങ്ങിച്ചെല്ലുന്നത് ഭോപ്പാൽ വിഷവാതക ദുരന്തത്തിലേക്കും, ദുരന്തം വിതച്ച തീരാദുരിതങ്ങളുടെ ആഴങ്ങളിലേക്കുമാണ്. ''ദുരന്തത്തിൻെറ 25 വർഷങ്ങൾ: ധീരതയും പ്രതീക്ഷകളും'' എന്ന പേരിൽ ഇവിടെ സ്വരാജ് ഭവനിൽ ആരംഭിച്ച അന്തർദേശീയ ഫോട്ടോ പ്രദർശനം സന്ദർശകർക്ക് വേറിട്ട അനുഭവമായി മാറുന്നു.

ഭോപ്പാലിൽ നിന്ന് തന്നെയുള്ള അവാർഡ് ജേതാവായ ഫോട്ടോഗ്രാഫർ പ്രകാശ് ഹട്ട്വാല്നെ, ഇറ്റലിയിൽ നിന്നുള്ള അലസ്സാണ്ടറോ, അമേരിക്കൻ ഫോട്ടോ ജേണലിസ്റ്റ് മൗഡെ ഡോർ എന്നിവരാണവർ.

പ്രകാശും അലസ്സാണ്ടറോയും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ദുരന്തം വിതച്ച രണ്ടാം തലമുറയുടെ ദുരിതങ്ങളിലേക്കാണ്-ആരെയും പിടിച്ചുലയ്ക്കുന്ന ചിത്രങ്ങൾ. മൗഡെ ഡോറാകട്ടെ കാർബൈഡ് ഫാക്ടറിയിൽ നിന്നുള്ള മലിനീകരണത്തിനെതിരെ തിരിയുന്നു.

പ്രതീക്ഷകളുയർത്തുന്ന ചിങ്കരി-സംഭാവന ട്രസ്റ്റുകളുടെ പുനഃരധിവാസ പ്രവർത്തനങ്ങളും ഒപ്പിയെടുത്തിരിക്കുന്നു. എല്ലാം ഒന്നിനൊന്ന് മികച്ച ചിത്രങ്ങൾ-വാചാലമായ സന്ദേശങ്ങളോടെ...

പിടിയിലായത് തടിയൻറവിട നസീറല്ലെന്ന് ബി.എസ്.എഫ്.

ന്യൂഡൽഹി: ലഷ്കർ ഭീകരൻ തടിയൻറവിട നസീർ ബംഗ്ലാദേശ് അതിർത്തിയിൽ പിടിയിലായെന്ന വാർത്ത ബി.എസ്.എഫ്. നിഷേധിച്ചു. ബംഗ്ലാദേശ് അതിർത്തിയിൽ ഈയിടെ കീഴടങ്ങിയ രണ്ടുപേർ ഉൾഫാ ഭീകരരാണെന്ന് ബി.എസ്.എഫ്. ഡയറക്ടർ ജനറൽ രമൺ ശ്രീവാസ്തവ പറഞ്ഞു. ഒരു ടെലിവിഷൻ ചാനലിനോടാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്.

കീഴടങ്ങിയ രണ്ടുപേരെ അസം പോലീസിന് കൈമാറിയിട്ടുണ്ട്. ലഷ്കർ ഭീകരരെ ആരെയും ബംഗ്ലാദേശ് അതിർത്തിയിൽ അറസ്റ്റ് ചെയ്തിട്ടില്ല. ബംഗ്ലാദേശ് സർക്കാർ ആരെയും അറസ്റ്റ് ചെയ്ത് ഇന്ത്യയ്ക്ക് കൈമാറിയിട്ടുമില്ലെന്ന് രമൺ ശ്രീവാസ്തവ വിശദീകരിച്ചു.

രണ്ടുപേർ ഇന്ത്യൻ അതിർത്തിയിൽ കീഴടങ്ങിയതായി ആഭ്യന്തര മന്ത്രി ചിദംബരം നേരത്തേ വാർത്താ ലേഖകരോട് പറഞ്ഞിരുന്നു. എന്നാൽ അതിൽ തടിയൻറവിട നസീറും ഉൾപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് അദ്ദേഹം വ്യക്തമായ ഉത്തരം നൽകിയില്ല. മാധ്യമങ്ങളിൽ അതുമായി ബന്ധപ്പെട്ട് വരുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രതികരിക്കാൻ പറ്റില്ലെന്നായിരുന്നു മന്ത്രിയുടെ മറുപടി. ബംഗ്ലാദേശ് ഇടയ്ക്കിടെ ചില നടപടികൾ സ്വീകരിക്കാറുണ്ട്. ഏതാനും ദിവസം മുമ്പ് രണ്ടുപേർ കീഴടങ്ങിയിരുന്നു- അദ്ദേഹം പറഞ്ഞു.

ലഷ്കർ-ഇ-തൊയ്ബയുടെ ദക്ഷിണേന്ത്യൻ കമാൻഡറെന്ന് കരുതുന്ന ആളാണ് തടിയൻറവിട നസീർ. ബാംഗ്ലൂർ സ്ഫോടനക്കേസിലെ മുഖ്യപ്രതിയാണ് ഇയാൾ.

ഹെഡ്ലി, റാണ: പാകിസ്താൻ വിവരങ്ങൾ നൽകിയില്ല -ചിദംബരം

ന്യൂഡൽഹി: ഇന്ത്യയിൽ തന്ത്രപ്രധാന കേന്ദ്രങ്ങൾ ആക്രമിക്കാൻ പദ്ധതിയിട്ടുവെന്ന് കരുതുന്ന ഡേവിഡ് ഹെഡ്ലിയേയും തഹാവൂർ ഹുസൈൻ റാണയേയും കുറിച്ച് പാകിസ്താൻ ഇതുവരെ വിവരങ്ങളൊന്നും കൈമാറിയിട്ടില്ലെന്ന് ആഭ്യന്തരമന്ത്രി പി.ചിദംബരം പറഞ്ഞു. കനേഡിയൻ പൗരനായ റാണയും പാകിസ്താൻ പൗരനായ അദ്ദേഹത്തിൻെറ പിതാവും വളരെക്കാലം പാകിസ്താനിൽ താമസിച്ചിരുന്നു. ഹെഡ്ലിയേയും റാണയേയും കുറിച്ച് കൂടുതൽ വിവരങ്ങൾ കൈമാറാൻ എഫ്.ബി.ഐ.സംഘം അടുത്തയാഴ്ച ഇന്ത്യയിലെത്തും. ഇരുവരെയും കുറിച്ച് നടക്കുന്ന അന്വേഷണങ്ങൾ തൃപ്തികരമാണ് -അദ്ദേഹം പറഞ്ഞു.

അതേസമയം, ഷിക്കാഗോയിലെ ഇന്ത്യൻ കോൺസുലേറ്റ് റാണയ്ക്ക് വിസ നൽകിയതുമായി ബന്ധപ്പെട്ട വിവാദങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വിദേശികളുടെ സഞ്ചാരവിവരങ്ങൾ കൈകാര്യംചെയ്യുന്ന വകുപ്പുകൾ ഏകീകരിച്ച് പ്രവർത്തിപ്പിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. വിദേശികളെക്കുറിച്ചുള്ള വിവരങ്ങൾ അതതുസമയം കൈമാറുന്നതിനു വേണ്ടിയാണിത്.

ആലപ്പുഴ, ഇടുക്കി, കോട്ടയം 'എ' ഗ്രൂപ്പിന്; എറണാകുളത്തും തൃശ്ശൂരും 'ഐ' ഗ്രൂപ്പ്

കെ.എസ്.യു. തിരഞ്ഞെടുപ്പ്

കൊച്ചി: ഇടുക്കി, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കെ.എസ്.യു. സംഘടനാ തിരഞ്ഞെടുപ്പിൽ മൂന്ന് ജില്ലകളിൽ 'എ' ഗ്രൂപ്പും രണ്ട് ജില്ലകളിൽ ഏകീകൃത 'ഐ' ഗ്രൂപ്പും ആധിപത്യം നേടി.

ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലാ കമ്മിറ്റി പ്രസിഡൻറുമാരായി എ ഗ്രൂപ്പ് സ്ഥാനാർഥികൾ തിരഞ്ഞെടുക്കപ്പെട്ടു. എറണാകുളത്തും തൃശ്ശൂരും ഏകീകൃത ഐ വിഭാഗത്തിൻെറ സ്ഥാനാർഥികൾ ജില്ലാ പ്രസിഡൻറുമാരായി.

ആലപ്പുഴയിൽ 93 വോട്ടുകൾ നേടി എ ഗ്രൂപ്പിലെ, ആര്യാട് ബി.എഡ്. കോളേജ് വിദ്യാർഥിനി ടിൻറു സ്റ്റീഫൻ ജില്ലാ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. 86 വോട്ടുകളുമായി ഐ ഗ്രൂപ്പിലെ രാജേശ്വരി വൈസ്പ്രസിഡൻറായി. എ ഗ്രൂപ്പിലെ ജോർജ് എം., എ.ആർ. കണ്ണൻ, ലിനു എന്നിവരും ഐ ഗ്രൂപ്പിലെ ദേവദാസ്, ധനേഷ് എന്നിവരും ജില്ലാ ജനറൽ സെക്രട്ടറിമാരായി തിരഞ്ഞെടുക്കപ്പെട്ടു.

ഇടുക്കിയിൽ 92 വോട്ടുകളുമായി എ ഗ്രൂപ്പിലെ കട്ടപ്പന ഗവ. കോളേജ് വിദ്യാർഥി മുകേഷ് മോഹൻ ജില്ലാ പ്രസിഡൻറായി. 40 വോട്ടുകളുമായി എ ഗ്രൂപ്പിലെ തന്നെ നിയാസ് ഇസ്മയിൽ ആണ് വൈസ്പ്രസിഡൻറ്. എ. ഗ്രൂപ്പിലെ ടി.എൽ. അക്ബർ, ഡോൺ മാത്യു ജോർജ്, നീതു തോമസ് എന്നിവരും ഐ ഗ്രൂപ്പിൽപ്പെടുന്ന ബി.ജെ. ജോമോൻ, ശ്രീലാൽ എന്നിവരും ജനറൽ സെക്രട്ടറിമാരാകും.

കോട്ടയത്ത് 133 വോട്ടുകൾ നേടി എ ഗ്രൂപ്പിലെ ജോബിൻ ജേക്കബ് ജില്ലാ പ്രസിഡൻറായി. 103 വോട്ടുകളുമായി ഐ ഗ്രൂപ്പിലെ സനോജ് വൈസ്പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിമാരായി എ ഗ്രൂപ്പിൽ നിന്ന് ടിൻറു തോമസ്, മാർട്ടിൻ സക്കറിയ, അനു അന്ന ജേക്കബ്, ദയ തോമസ് എന്നിവരും നാലാം ഗ്രൂപ്പിൽപ്പെട്ട മുഹമ്മദ് അമീനും കരുണാകര വിഭാഗത്തിലെ സനക്സ് പി. മാത്യുവും തിരഞ്ഞെടുക്കപ്പെട്ടു.

എറണാകുളത്ത് 278 വോട്ടുകളുമായി ഐ ഗ്രൂപ്പിൽപ്പെട്ട തൃക്കാക്കര ജയഭാരത് കോളേജ് വിദ്യാർഥി ജിൻേറാ ജേക്കബ് ജില്ലാ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. എ വിഭാഗത്തിൻെറ ജില്ലാ പ്രസിഡൻറ് സ്ഥാനാർഥി ബിനോയി അരീക്കലിൻെറ സ്ഥാനാർഥിത്വം അയോഗ്യമാക്കിയിരുന്നു. വിദ്യാർഥിയാണെന്ന് കാണിച്ചുള്ള വ്യാജ ഐഡൻറിറ്റി കാർഡുമായി വന്നു മത്സരിച്ചു എന്ന പരാതിയെ തുടർന്നാണ് ബിനോയിയെ അയോഗ്യനാക്കിയത്. നാലാം ഗ്രൂപ്പിൽപ്പെട്ട വർഗീസ് വിനുവാണ് വൈസ്പ്രസിഡൻറ്. എ ഗ്രൂപ്പിലെ നിഷാദ്, ആത്തി, ഷറഫുന്നീസ എന്നിവരും ഐ ഗ്രൂപ്പിലെ റിൻസി, സ്നേഹലക്ഷ്മി എന്നിവരും നാലാം ഗ്രൂപ്പിലെ പോൾവിൻ എന്നിവർ ജനറൽ സെക്രട്ടറിമാരായി.

തൃശ്ശൂരിൽ ഐ ഗ്രൂപ്പിൽപ്പെട്ട, തൃശ്ശൂർ ലോ കോളേജ് വിദ്യാർഥിനി ഷജീന എ.എം. 171 വോട്ടുകളുമായി ജില്ലാ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. 79 വോട്ടുകളുമായി എ ഗ്രൂപ്പിലെ കെ.കെ. ലിഷ്മ വൈസ്പ്രസിഡൻറായി. ഐ ഗ്രൂപ്പിലെ അൽഫോൻസ, കരുണാകര വിഭാഗത്തിൽപ്പെട്ട ദീപക്, നാലാം ഗ്രൂപ്പിൽപ്പെട്ട സിവിൻ, സൗമ്യ എന്നിവർ ജനറൽ സെക്രട്ടറിമാരായി.

തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ പ്രസിഡൻറ് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തതാണ്. സംസ്ഥാന പ്രസിഡൻറ്, സംസ്ഥാന കമ്മിറ്റി, എൻ.എസ്.യു. കമ്മിറ്റി പ്രതിനിധികൾ എന്നീ സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും ചൊവ്വാഴ്ച നടന്നു. ഏകീകൃത ഐ വിഭാഗവും എ വിഭാഗവും വയലാർ രവിയെ പിന്തുണയ്ക്കുന്ന നാലാം ഗ്രൂപ്പുമാണ് പ്രധാനമായും മത്സരരംഗത്തുണ്ടായിരുന്നത്.

ചെന്നൈ സെൻട്രൽസ്റ്റേഷൻ 13ന് അടച്ചിടും

മൂന്നുദിവസത്തെ വണ്ടികൾ റദ്ദാക്കി; ചിലതിൻെറ സമയം മാറ്റി

ചെന്നൈ: ട്രാക്കുകളുടെയും സിഗ്നലുകളുടെയും അറ്റകുറ്റപ്പണികളും പ്ലാറ്റ് ഫോമുകളുടെ വികസനവുമായി ബന്ധപ്പെട്ട് ചെന്നൈ സെൻട്രൽസ്റ്റേഷൻ ഡിസംബർ 13ന് രാവിലെ ഒമ്പതുമുതൽ രാത്രി ഒമ്പതുവരെ പൂർണമായി അടച്ചിടും. ഡിസംബർ മൂന്ന്, എട്ട്, പത്ത് തീയതികളിൽ സെൻട്രൽ സ്റ്റേഷനിൽനിന്ന് പുറപ്പെടുന്ന ചില തീവണ്ടികൾ റദ്ദാക്കി. പല തീവണ്ടികളുടെയും സമയം മാറ്റി. ചില തീവണ്ടികൾ ചെന്നൈ സെൻട്രൽ സ്റ്റേഷനിലെത്തുന്നതിനുപകരം പെരമ്പൂരിലെത്തി യാത്ര അവസാനിപ്പിക്കും.

ചെന്നൈ സെൻട്രൽസ്റ്റേഷനിൽ മൂന്ന്, നാല്, അഞ്ച് പ്ലാറ്റ്ഫോമുകളാണ് വികസിപ്പിക്കുന്നത്.

തിരുവനന്തപുരത്തുനിന്ന് ഡിസംബർ രണ്ടിനും ഒമ്പതിനും പുറപ്പെട്ട് അടുത്തദിവസങ്ങളിൽ രാവിലെ 9.50ന് ചെന്നൈ സെൻട്രലിൽ എത്തേണ്ട 2696 തിരുവനന്തപുരം-ചെന്നൈ എക്സ്പ്രസ് ഈ ദിവസങ്ങളിൽ ചെന്നൈ എഗ്മൂറിൽ രാവിലെ പത്തുമണിക്കെത്തും.

ചെന്നൈ സെൻട്രലിൽനിന്ന് ഡിസംബർ മൂന്നിനും പത്തിനും ഉച്ചതിരിഞ്ഞ് 3.25ന് പുറപ്പെടേണ്ട 2695 ചെന്നൈ സെൻട്രൽ തിരുവനന്തപുരം എക്സ്പ്രസ് എഗ്മൂറിൽനിന്ന് 3.40ന് പുറപ്പെടും.

ഡിസംബർ മൂന്നിന് ചെന്നൈ സെൻട്രലിൽനിന്ന് ഉച്ചതിരിഞ്ഞ് 3.15ന് പുറപ്പെടേണ്ട 0653 ശബരി സ്പെഷൽ ചെന്നൈ സെൻട്രലിൽനിന്ന് വൈകിട്ട് ആറിന് പുറപ്പെടും. 6309 എറണാകുളം പട്ന എക്സ്പ്രസ് എറണാകുളത്തുനിന്ന് ഡിസംബർ ഏഴിന് പുറപ്പെട്ട് പെരമ്പൂരിൽ രാവിലെ 6.50നെത്തും.

ഡിസംബർ ഏഴിന് തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്ന 2696 തിരുവനന്തപുരം-ചെന്നൈ എക്സ്പ്രസ് അടുത്തദിവസം രാവിലെ പത്തിന് ചെന്നൈ എഗ്മൂറിലെത്തും.

ചെന്നൈ സെൻട്രലിൽനിന്ന് ഡിസംബർ എട്ടിന് പുറപ്പെടേണ്ട 2695 ചെന്നൈ സെൻട്രൽ-തിരുവനന്തപുരം എക്സ്പ്രസ് ചെന്നൈ എഗ്മൂറിൽനിന്ന് 3.40ന് പുറപ്പെടും.

ഡിസംബർ 12ന് തിരുവനന്തപുരത്തുനിന്ന് പുറപ്പെടുന്ന 2699 തിരുവനന്തപുരം-ചെന്നൈ എക്സ്പ്രസ് അടുത്തദിവസം തിരുവള്ളൂരിൽ രാവിലെ 11.35ന് യാത്ര അവസാനിപ്പിക്കും.

12ന് മാംഗ്ലൂരിൽനിന്ന് പുറപ്പെടുന്ന 6628 മാംഗ്ലൂർ-ചെന്നൈ സെൻട്രൽ എക്സ്പ്രസ് അടുത്തദിവസം ആർക്കോണത്ത് ഉച്ചതിരിഞ്ഞ് 3.10ന് യാത്ര അവസാനിപ്പിക്കും. ചെന്നൈ സെൻട്രലിൽനിന്ന് രാവിലെ 11.30ന് പുറപ്പെടുന്ന വെസ്റ്റ്കോസ്റ്റ് എക്സ്പ്രസ് ഡിസംബർ 13ന് ഉച്ചതിരിഞ്ഞ് 3.10ന് ആർക്കോണത്തുനിന്ന് പുറപ്പെടും.

കോയമ്പത്തൂരിൽനിന്നുള്ള 2680 കോയമ്പത്തൂർ-ചെന്നൈ എക്സ്പ്രസ് എഗ്മൂറിൽ ഉച്ചതിരിഞ്ഞ് 1.50നെത്തും.

2601 ചെന്നൈ-മാംഗ്ലൂർ മെയിൽ രാത്രി 9.50നായിരിക്കും ഡിസംബർ 13ന് ചെന്നൈ സെൻട്രലിൽനിന്ന് പുറപ്പെടുക. 7.45ന് പുറപ്പെടേണ്ട 2623 ചെന്നൈ-തിരുവനന്തപുരം മെയിൽ 9.20ന് പുറപ്പെടും. 6041 ചെന്നൈ-ആലപ്പുഴ എക്സ്പ്രസ് രാത്രി പത്തിന് പുറപ്പെടും. 2621 ചെന്നൈ-ന്യൂഡൽഹി-തമിഴ്നാട് എക്സ്പ്രസ് രാത്രി 10.50ന് പുറപ്പെടും.

ഡിസംബർ 13ന് ചെന്നൈ സെൻട്രലിനടുത്തുള്ള മൂർ മാർക്കറ്റ് കോംപ്ലക്സിലെ സബർബൻ ടെർമിനലിൽനിന്ന് രാവിലെ ഒമ്പതിനും രാത്രി ഒമ്പതിനുമിടയ്ക്ക് സർവീസൊന്നുമുണ്ടായിരിക്കില്ല.